ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽപ്പെട്ട പ്രാഥമിക കൈത്തറി സഹകരണസംഘങ്ങളുടെ റിബേറ്റ് അപേക്ഷകൾ പ്രകാരം കുടിശ്ശിക തുക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:

വർഷം	കുടിശ്ശിക (രൂപ)
2012-13	1,98,82,966
2013-14	3,41,81,758
2014-15	3,29,00,000
ആകെ	8,69,64,724

(ബി) കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് നൽകാൻ ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കിയിട്ടുണ്ട്.

മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യ

221 (606) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് ധനകാര്യവകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചെങ്കിലും വ്യവസായ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് ധനകാര്യവകുപ്പ് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും തുക പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയൂ എന്ന് കാണിച്ച് പൊതുമരാമത്ത് വിഭാഗം ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർക്ക് കത്ത് നല്കിയെങ്കിലും നാളിതുവരെയും നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ തുക അടിയന്തരമായി ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) പ്രസ്തുത പ്രവൃത്തിക്ക് 1-11-2014-ലെ G.O(Rt) No. 1226/ 2014/ ID സർക്കാർ ഉത്തരവുപ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് MLA-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ടി പദ്ധതിക്കായി തുക അനുവദിക്കുന്നതിന് 15-9-2015 ലെ G.O(Rt) No. 956/2015/ID നമ്പർ ഉത്തരവു പ്രകാരം പ്രത്യേക ശീർഷകം (4851-105-97-Legislature Assembly Constituency Asset Development Scheme) നിശ്ചയിച്ചു നൽകിയിരുന്നു. മേൽ ശീർഷകത്തിൽ നിന്നും തുക പിൻവലിച്ച് ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്)-ന് നൽകുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

(ഇ) സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുക അടിയന്തരമായി റിലീസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വ്യാപാരസഹായ കേന്ദ്രങ്ങൾ

222 (607) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ കൈത്തറി, കരകൗശലം തുടങ്ങിയവയുടെ പ്രോത്സാഹനത്തിനായി വ്യാപാരസഹായ കേന്ദ്രങ്ങൾ തുടങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവഴി കൈത്തറി മേഖലയിൽ ലക്ഷ്യമിട്ടതെന്തെന്നും ആയത് സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ബഡ്ജറ്റിൽ നീക്കിവച്ച തുക പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഉപയുക്തമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 15.30 കോടി രൂപ മുടക്കി ഒരു കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം തയ്യാറായിട്ടുണ്ട്. ആയതിൽ 460 ലക്ഷം രൂപയാണ് സർക്കാർ വിഹിതമായി കണക്കാക്കിയിരിക്കുന്നത്. ഈ നിർദ്ദേശത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.